"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - മർകസ് യുനാനി മെഡിക്കൽ കോളേജിലെ റെജിമെന്റൽ തെറാപ്പി കോഴ്സിന്റെ പരീക്ഷ ഫീസ് നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.650/2025/AYUSH തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 330/2024/ആയുഷ് തീയതി 29.08.2024

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24.10.2025 ലെ പി1/762/2023/ഡിഎഎംഇ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളജിൽ റെജിമെന്റൽ തെറാപ്പി കോഴ്സ് അനുവദിച്ച് പരാമർശിത ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കോഴ്സിന്റെ പരീക്ഷയ്ക്കും സർട്ടിഫിക്കറ്റുകൾക്കും സർക്കാരിൽ ഒടുക്കേണ്ടതായ ഫീസ് നിശ്ചയിക്കേണ്ടതുണ്ടെന്നും ആയതിനാൽ ചുവടെപ്പറയുന്ന ഫീസുകൾ നിശ്ചയിച്ച് ഉത്തരവ് നൽകണമെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| | |
|---|---|
| പരീക്ഷ രജിസ്ട്രേഷൻ ഫീസ് | 50/- രൂപ |
| പരീക്ഷ ഫീസ് | 150/- രൂപ (ഒരു പേപ്പറിന്) |
| റീഅപ്പിയറൻസ് ഫീസ് | 200/- രൂപ (ഒരു പേപ്പറിന്) |
| റീ വാല്യൂഷൻ ഫീസ് | 150/- രൂപ (ഒരു പേപ്പറിന്) |
| മാർക്ക് ലിസ്റ്റ് ഫീസ് | 50/-രൂപ |
| സർട്ടിഫിക്കേറ്റ് ഫീസ് | 200/- രൂപ |
| ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് ഫീസ് | 100/-രൂപ |
| ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കേറ്റ് ഫീസ് | 300/-രൂപ |

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് മർകസ് യുനാനി മെഡിക്കൽ കോളേജിലെ റെജിമെന്റൽ തെറാപ്പി കോഴ്സിന്റെ മേൽ സൂചിപ്പിച്ച പരീക്ഷ ഫീസ് അംഗീകരിച്ചും പ്രസ്തുത ഫീസ് 0210-03-103-99 എന്ന ശീർഷകത്തിൽ ഒടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ , മർക്കസ് യുനാനി മെഡിക്കൽ കോളേജ് , കോഴിക്കോട് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള , തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (U.O (F)No. 3351287/HLT-A3/180/2025-FIN തീയതി 10.12.2025 )

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 16-12-2025 14:38:59
സെക്ഷൻ ഓഫീസർ